CyberSri
www.cybersri.org

# CyberSri
## Centre for Development of Imaging Technology (C-DIT)
GOVT. OF KERALA

www.cdit.org

Chithranjali Hills, Thiruvallom, Thiruvananthapuram - 695 027, Kerala, India
TC 26/847, VRAD-7, Near Women's College Road, Thycaud P.O., Thiruvananthapuram-695014
Phone : +91-471-2380912, 910, 2323949 Fax : 2380681, www.cybersri.org

**Board of Directors**
Chairman : The Principal Secretary SC/ ST Development Department
Members : Director, SC Development Department
: Executive Director, Cybersri (Director, C-DIT)

---

പ്രസിദ്ധീകരണത്തിന്

03.08.2016

**സി-ഡിറ്റ്, സൈബർശ്രീ പരിശീലനത്തിന് 2016 ആഗസ്റ്റ് 20 വരെ അപേക്ഷിക്കാം**

സംസ്ഥാന സർക്കാർ സ്ഥാപനമായ സൈബർശ്രീ, സി-ഡിറ്റ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്കായി നടത്തുന്ന ആധുനിക ഐ.ടി അധിഷ്ഠിത തൊഴിൽ പരിശീലനങ്ങൾക്ക് 2016 ആഗസ്റ്റ് 20 വരെ അപേക്ഷിക്കാം. അപേക്ഷകർ 20 നും 26നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

**മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്മെന്റ്:**

എഞ്ചിനീയറിംഗ് ബിരുദമുള്ളവരോ കോഴ്സ് പൂർത്തീകരിച്ചവരോ ആയിരിക്കണം. ഡിപ്ലോമ/ ഏതെങ്കിലും വിഷയത്തിൽ ബിരുദം പാസ്സായവർക്കും അപേക്ഷിക്കാം. പ്രതിമാസം 4000 രൂപ സ്റ്റൈപന്റ് ലഭിക്കും. ആറുമാസമാണ് പരിശീലന കാലാവധി.

**വിഷ്വൽ ഇഫക്ട് ആന്റ് ത്രീഡി ആനിമേഷൻ:**

ബി.എഫ്.എ പാസ്സായവർ, ബി.എഫ്.എ കോഴ്സ് പൂർത്തീകരിച്ച് ഫലം കാത്തിരിക്കുന്നവർ, മറ്റ് ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർ എന്നിവർക്ക് അപേക്ഷിക്കാം. പ്രതിമാസം 4000 രൂപ സ്റ്റൈപന്റ് ലഭിക്കും. ആറുമാസമാണ് പരിശീലന കാലാവധി

**അഡ്വാൻസ്ഡ് നെറ്റ് വർക്കിംഗ് ടെക്നോളജീസ്:**

ഐ.ടി., ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ ഇവയിലേതിലെങ്കിലും ബിരുദമോ ഡിപ്ലോമയോ പാസ്സായവരായിരിക്കണം. പ്രതിമാസം 4500 രൂപ സ്റ്റൈപന്റ് ലഭിക്കും. ആറുമാസമാണ് പരിശീലന കാലാവധി

**കമ്മ്യൂണിക്കേഷൻ ആന്റ് വ്യക്തിത്വ വികസനം:**

ഐ.ടി.അധിഷ്ടിതമായ മൂന്ന് മാസത്തെ പരിശീലനത്തിൽ കമ്യൂണിക്കേഷൻ, വ്യക്തിത്വ വികസനം എന്നിവ ഉൾപ്പെടുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദം/ഡിപ്ലോമ പാസ്സായവർക്കും എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തീകരിച്ചവർക്കും അപേക്ഷിക്കാം. പ്രതിമാസം 4000 രൂപ സ്റ്റൈപന്റ് ലഭിക്കും.

വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് സഹിതം **2016 ആഗസ്റ്റ് 20-ാം തീയതിക്കുമുമ്പ്** സൈബർശ്രീ, സി-ഡിറ്റ്, ടി.സി.26/847, പ്രകാശ്, VRA-D7, വിമൻസ് കോളേജ് റോഡ്, തൈക്കാട്, തിരുവനന്തപുരം-695014 എന്ന വിലാസത്തിൽ അപേക്ഷകൾ ലഭിക്കേണ്ടതാണ്. cybersricdit@gmail.com എന്ന വിലാസത്തിലും അപേക്ഷകൾ അയക്കാവുന്നതാണ്.

**ഫോൺ: 0471-2323949**

**പ്രോജക്ട് മാനേജർ**

---